**മേലെഴുത്ത് നമ്പർ: DTETVM/2747/2025-EA2 (EA) തീയതി: 12-05-2025**

---

സൂചന: സർക്കാരിൽ നിന്നുള്ള കത്ത് നമ്പർ: എ.ആർ.13-2/25/2025-പി &എആർഡി തീയതി: **06.03.2025.**

സൂചനയിലെ സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കുന്നതിലേയ്ക്കായി സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം നൽകുന്നു.

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

1. വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവിമാർക്കും DTE വെബ്സൈറ്റ് വഴി
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകൾക്കും.

Signed by
Shalij P R
Date: 12-05-2025 21:23:44

All Depts + AR-14

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

MAR 2025

നം.എ.ആർ.13-2/25/2025-പി&എആർഡി
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (എ.ആർ.13) വകുപ്പ്
തിരുവനന്തപുരം,
തീയതി: 06-03-2025

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - ബഹു. മുഖ്യമന്ത്രി/ മറ്റു മന്ത്രിമാർ/ ചീഫ് സെക്രട്ടറി എന്നിവരുടെ അധ്യക്ഷതയിൽ ചേരുന്ന യോഗങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിന് പാലിക്കേണ്ട നിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- പൊതുഭരണ (എസ്.സി) വകുപ്പിന്റെ 10-06-2022 ലെ 289/എസ്.സി1 /2022-ജി.എ.ഡി നമ്പർ സർക്കുലർ

ബഹു.മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും വിളിച്ചുചേർക്കുന്ന യോഗങ്ങളുടെ മിനുട്സ്, പ്രസ്തുത യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം തന്നെ ബഹു. മുഖ്യമന്ത്രിയുടെ / ബന്ധപ്പെട്ട മന്ത്രിമാരുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണെന്ന് സൂചന സർക്കുലറിൽ നിർദേശിച്ചിരുന്നു. ബഹു.മുഖ്യമന്ത്രി / മറ്റു മന്ത്രിമാർ / ചീഫ് സെക്രട്ടറി എന്നിവരുടെ അധ്യക്ഷതയിൽ ചേരുന്ന യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ പലപ്പോഴും കാര്യമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ബഹു.മുഖ്യമന്ത്രി / മറ്റുമന്ത്രിമാർ /ചീഫ് സെക്രട്ടറി എന്നിവരുടെ അധ്യക്ഷതയിൽ ചേരുന്ന യോഗങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ബഹു.മുഖ്യമന്ത്രി/ മന്ത്രിമാർ /ചീഫ് സെക്രട്ടറി വിളിച്ചുചേർക്കുന്ന യോഗങ്ങളുടെ മിനുട്സ് മൂന്നുദിവസത്തിനുള്ളിൽ ബഹു.മുഖ്യമന്ത്രി/ബന്ധപ്പെട്ട മന്ത്രി/ചീഫ് സെക്രട്ടറിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും അംഗീകരിച്ച നടപടിക്കുറിപ്പിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടത് വകുപ്പുതലവനാണെങ്കിൽ കാലതാമസം കൂടാതെ തന്നെ വകുപ്പുതലവന് അയച്ചുകൊടുക്കേണ്ടതുമാണ്.

2) ബന്ധപ്പെട്ട വകുപ്പുസെക്രട്ടറി തലത്തിൽ തീരുമാനമെടുക്കേണ്ട നിർദേശങ്ങളിന്മേൽ ഒരാഴ്ചക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

3) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഭരണപരമോ സാങ്കേതികമോ ആയ തടസ്സങ്ങളുണ്ടെങ്കിലോ സർക്കാർ അനുമതി ആവശ്യമുണ്ടെങ്കിലോ അതിനുള്ള നിർദേശം ബന്ധപ്പെട്ട ഭരണവകുപ്പിൽ രണ്ടാഴ്ചക്കുള്ളിൽ സമർപ്പിക്കേണ്ടതും അക്കാര്യം ബഹു.മുഖ്യമന്ത്രി / ബന്ധപ്പെട്ട മന്ത്രിമാർ/ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

4) അപ്രകാരം ഭരണവകുപ്പിൽ ലഭിക്കുന്ന നിർദേശങ്ങളിന്മേൽ ഒരു മാസത്തിനുള്ളിൽ തീരുമാനമെടുത്ത് വകുപ്പുതലവന്മാരെ അറിയിക്കേണ്ടതാണ്. മേൽ നിർദേശിച്ച സമയപരിധിക്കുള്ളിൽ നടപടി പൂർത്തിയാക്കാൻ കഴിയാത്ത തീരുമാനങ്ങൾ ആയതിനുള്ള വ്യക്തമായ കാരണം സഹിതം ബഹു.മുഖ്യമന്ത്രിയുടെ/ ബന്ധപ്പെട്ട മന്ത്രിമാരുടെ /ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

5) ഈ സമയപരിധി ഒരു പൊതുനിർദേശമായി കണക്കാക്കേണ്ടതും എന്നാൽ സമയബന്ധിതമായി നടപ്പിലാക്കാൻ നിർദേശിക്കപ്പെട്ട തീരുമാനങ്ങളിന്മേൽ അപ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

6) സെക്രട്ടറിമാരുമായുള്ള ചീഫ് സെക്രട്ടറിയുടെ പ്രതിമാസയോഗത്തിൽ ഇക്കാര്യം ഒരു സ്ഥിരം അജണ്ടയായി അവലോകനം ചെയ്യുന്നതാണ്.

7) മേൽനിർദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുതലവന്മാർക്കും / പൊതുമേഖലാസ്ഥാപനങ്ങൾക്കും
സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Saira Banu Buhari
Date: 07-03-2025 11:39:04
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെയും / മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ പി. എ. ക്ക്
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(എ.ആർ.14) വകുപ്പിന് (ഇനം.6)